# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4380 - 25/10/2016 - ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ റിക്കവറി

**ചോദ്യം** | **ഉത്തരം**

**ശ്രീ. എം .രാജഗോപാലൻ**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| വിദ്യാഭ്യാസ വായ്പ റിക്കവറി നടപടികൾ ഊർജ്ജിതമാക്കികൊണ്ട് ബാങ്കുകൾ നടപടികൾ സ്വീകരിച്ചു വരുന്നതുമൂലം കടക്കെണിയിലായ ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിന് ഈ സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | വിദ്യാഭ്യാസ ആവശ്യത്തിനായി വായ്പ എടുത്ത് കടക്കെണിയിലായവരെ രക്ഷിക്കാനായി സർക്കാർ ഒരു കടാശ്വാസ പദ്ധതി 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ പ്രകാരം കുടിശികയായ വായ്പാ തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശികയായ വായ്പ തിരിച്ചടക്കാൻ സർക്കാർ സഹായിക്കുന്നതാണ്. കൂടാതെ തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് മോറട്ടോറിയം നൽകാൻ ബാങ്കുകൾ തയ്യാറാകണമെന്നും അനൗപചാരിക മേഖലയിൽ ജോലിയെടുക്കുന്നവർക്ക് അവരുടെ ശമ്പളത്തിന്റെ നാലിലൊന്നിലേറെ തിരിച്ചടവായി ഈടാക്കാൻ പാടില്ലായെന്നും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് എസ്.എൽ.ബി.സി യുമായി ചർച്ചകൾ നടത്തി വരുന്നു. |

*അക്കൗണ്ട്സ് ഓഫീസർ*